കൊല്ലം തോടിലെ കൊതുക് നിവാരണം

78 (2201) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം തോടിലെ മാലിന്യങ്ങളും കൊതുകുശല്യവും മൂലമുണ്ടാകുന്ന രോഗനിവാരണത്തിന് കൊതുകുകളെ നശിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്. കൊല്ലം കോർപ്പറേഷന്റേയും, എൻ.എഫ്.സി.പി. യൂണിറ്റിന്റേയും സംയുക്താഭിമുഖ്യത്തിൽ, 21-3-2003 22-3-2003, 11-6-2003, 12-6-2003 എന്നീ തീയതികളിൽ കോർപ്പറേഷൻ അതിർത്തിയായ ഇരവിപുരം താന്നിക്കടവ് പാലം മുതൽ തേവള്ളി അറവുശാല വരെയുള്ള തോടിന്റെ 4 കി.മീറ്ററോളം വരുന്ന ഭാഗത്ത് വള്ളത്തിൽ ആളുകളെ നിയോഗിച്ച് പവർ സ്പ്രേയർ മുഖേന സ്പ്രേയിംഗ് നടത്തി അണുവിമുക്തമാക്കുകയും മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ ജോലി ഇടവിട്ടുള്ള സമയങ്ങളിൽ തുടർന്നും നടത്തുന്നതാണ്.

മുനിസിപ്പൽ കോമൺ സർവീസിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ഗ്രേഡ്-1 നിയമനം

79 (2202) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ കോമൺ സർവീസിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ഗ്രേഡ്-1 തസ്തികകളിൽ ഇപ്പോൾ എത്ര ഒഴിവുകൾ വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഗ്രേഡ് - 1 തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ട് എത്ര കാലമായി ; ഗ്രേഡ് - 2 തസ്തികയിൽ നിന്നും ഗ്രേഡ് - 1 തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വിശദമാക്കാമോ ;

(സി) അർഹതയുള്ള ഗ്രേഡ് - 2 ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് പ്രൊമോഷൻ നൽകാനും ഗ്രേഡ് - 2 തസ്തികയിൽ വരുന്ന ഒഴിവുകളിൽ പി. എസ്. സി. മുഖാന്തിരം നിയമനം നടത്താനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2, ഗ്രേഡ് - 1 തസ്തികകളിൽ ഇപ്പോൾ ഓരോ ഒഴിവുകൾ ഉണ്ട്.

(ബി) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 തസ്തികയിൽനിന്നും ഗ്രേഡ്-1 തസ്തികയിലേക്ക് അവസാനമായി പ്രൊമോഷൻ നൽകിയത് 6-3-2003-ലാണ്. പ്രൊമോഷൻ നൽകുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നും ഇല്ല. എത്രയും വേഗം പ്രൊമോഷൻ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly